വില്ലേജ്	*കരകൾ*
കരിവേടകം	ചുഴുപ്പ്, കോലംപാറ, പുന്നക്കാൽ, വണ്ടക്കൈ, കുളത്തൂർ, അരമനപ്പാടി, കള്ളാളി, കരിപ്പാടകം, കായകടവ്, കോളോട്ട്, കോമ, മുനമ്പം.
കുറ്റിക്കോൽ	ബേത്തൂർപ്പാറ, ചായത്തടുക്ക, കാവുങ്കാൽ, കടമ്പോൾ-ചിറക്കൽപ്പരപ്പ, വലിയപറമ്പ.
മുന്നാട്	ചുള്ളി, എടമ്പുരടി, കാക്കോട്ടമ്മ, കുഞ്ഞൻപാറ, മാലക്കടപ്പ്, പാടിമരുതി, പനക്കുളം, പെരള, പൂക്കുന്നത്പാറ, വട്ടുത്തട്ട.
തെക്കിൻ	ബണ്ടിച്ചാൽ-മഞ്ഞാലിപ്പാറ, വടക്കേപ്പുള്ളം.
ബന്തടുക്ക	മാവിലക്കോട്ട.

(ബി) പ്രസ്തുത പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഉടനെ ടെണ്ടർ ക്ഷണിക്കുന്നതാണ്.

എം. എൽ. എ. പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചു നടത്തേണ്ട പ്രവൃത്തികൾ

194 [1136] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് വൈദ്യുതി ബോർഡ് നടത്തേണ്ട പ്രവൃത്തികൾക്ക് ഉപകരണങ്ങൾ ഇല്ല എന്നതിന്റെ പേരിൽ കാലതാമസം വരുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പണികൾക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകാൻ പ്രത്യേക നിർദ്ദേശം നൽകുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ സംഖ്യ ഡെപ്പോസിറ്റ് ചെയ്ത പണികളുടെ കാലതാമസം ഒഴിവാക്കാൻ കെ. എസ്. ഇ. ബി. നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നൽകിയിട്ടുണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

GPM. 2/567/2012—29

LIBRARY ARCHIVES Kerala Legislative Assembly